**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** — **02-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നഗരസഭയിൽ ഭിന്നശേഷി അസിസ്റ്റീവ് വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നഗരസഭയിൽ ഭിന്നശേഷി അസിസ്റ്റീവ് വില്ലേജ് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത വില്ലേജിൽ ഒരുക്കുന്ന സൗകര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | (എ) ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസപദ്ധതിക്കായി നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ഭൂമി വിട്ടുനൽകുവാൻ സന്നദ്ധമാണെന്ന് നിലമ്പൂർ എം.എൽ.എ. അറിയിച്ചതിനെ തുടർന്ന്, പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമി സാമൂഹ്യനീതിവകുപ്പിന് കൈമാറിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതിവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 10/11/2022 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ, റീസർവ്വേ നമ്പർ 383/1983/2 ൽ പ്പെട്ട ഒരേക്കർ ഭൂമി സാമൂഹ്യനീതി വകുപ്പിനു വിട്ടു നൽകുവാൻ നഗരസഭ തീരുമാനിക്കുകയും പ്രസ്തുത സ്ഥലം മലപ്പുറം ജില്ലാസാമൂഹ്യനീതി ഓഫീസർ 7/10/2023 ന് സന്ദർശിക്കുയും ചെയ്തിരുന്നു. സന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സംവിധാനങ്ങൾ സജ്ജമാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തിയതിനു ശേഷം പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത വില്ലേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊജക്റ്റ് ഡ്രാഫ്റ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്ന് അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (ബി) | ദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ, റീസർവ്വേനമ്പർ 383/1983/2 ൽ പ്പെട്ട ഒരേക്കർ ഭൂമിയിൽ ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സംവിധാനങ്ങൾ സജ്ജമാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തിയ ശേഷം പ്രസ്തുത |

| | | | |
|---|---|---|---|
| | | | സ്ഥലം വകുപ്പിന് കൈമാറി കിട്ടുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത വില്ലേജ് നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതി നടപ്പിലാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ, റീസർവ്വേ നമ്പർ 383/1983/2 ൽ പ്പെട്ട ഒരേക്കർ ഭൂമി സാമൂഹ്യനീതി വകുപ്പിനു വിട്ടു നൽകുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. പദ്ധതി ആരംഭിയ്ക്കുന്നതിന് പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച് കിട്ടുകയോ ഭൂമിയുടെ ഉപയോഗാനുമതി സാമൂഹ്യനീതിവകുപ്പിന് ലഭ്യമാകുകയോ ചെയ്യേണ്ടതുണ്ട്. |
| (ഡി) | എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്ക് 50 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ ഈ ഫണ്ട് വിനിയോഗിക്കേണ്ടത് എപ്രകാരമാണെന്ന് അറിയിക്കാമോ; പ്രസ്തുത തുകയ്ക്ക് അസിസ്റ്റീവ് വില്ലേജ് കൺസപ്റ്റിന് യോജിക്കുന്ന ഏതുതരം പ്രവൃത്തിയാണ് വില്ലേജിൽ നടപ്പാക്കുന്നതെന്നും വിശദമാക്കാമോ? | (ഡി) | പദ്ധതി ആരംഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള ഭൂമി സാമൂഹ്യ നീതി വകുപ്പിന് അനുവദിച്ച് കിട്ടുകയോ ഭൂമിയുടെ ഉപയോഗാനുമതി സാമൂഹ്യനീതിവകുപ്പിന് ലഭ്യമാകുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ Detailed Project Report തയ്യാറാക്കുന്നതിനും തുക വിനയോഗിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിലും തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ